**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5542** **15-03-2023 - ൽ മറുപടിയ്ക്ക്**

**അഞ്ചൽ മാവിള കേന്ദ്രമാക്കി ക്ഷീര സഹകരണ സംഘം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | പുനലൂർ മണ്ഡലത്തിലെ അഞ്ചൽ ഗ്രാമപഞ്ചായത്തിലെ ഉൾനാടൻ ഗ്രാമവാസികൾക്ക് ക്ഷീര സഹകരണ സംഘം സംബന്ധമായ സേവനങ്ങൾക്ക് അഞ്ചൽ, അഗസ്ത്യകോട് അല്ലെങ്കിൽ ചോരനാട് ക്ഷീര സഹകരണ സംഘങ്ങളിൽ ബന്ധപ്പെടേണ്ടതായി വരുന്നതും ഇവിടങ്ങളിലേയ്ക്കുള്ള ദൂരം കൂടുതലായതിനാൽ കർഷകർ വളരെയധികം ബുദ്ധിമുട്ടുകൾ നേരിടുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | നൂറിലധികം ക്ഷീര കർഷകർ നിലവിലുള്ള പ്രസ്തുത മേഖലയിലെ ജനങ്ങൾക്ക് സഹായകരമായ രീതിയിൽ അഞ്ചൽ മാവിള കേന്ദ്രമാക്കി ക്ഷീര സഹകരണ സംഘം അനുവദിക്കുമോ; | (ബി) | അഞ്ചൽ ഗ്രാമപഞ്ചായത്തിലെ ആർച്ചൽ, നെടിയറ വാർഡുകൾ പൂർണ്ണമായും അരിപ്പാച്ചി വാർഡ് ഭാഗികമായും വരുന്ന പ്രദേശത്ത് മാവിള കേന്ദ്രമാക്കി ക്ഷീര സംഘം സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>പുതുതായി സംഘങ്ങൾ രൂപീകരിക്കുന്നതിനുള്ള തുക വാർഷിക പദ്ധതിയിൽ വകയിരുത്തിയിട്ടി ല്ലാത്തതിനാൽ തുടർ നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല. അടുത്ത സാമ്പത്തിക വർഷം തുക ലഭ്യമാകുന്ന മുറയ്ക്ക് സംഘം രൂപീകരിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | പ്രസ്തുത ക്ഷീര സഹകരണ സംഘത്തിന് കെട്ടിടം നിർമ്മിക്കാൻ ആവശ്യമായ സ്ഥലം സൗജന്യമായി ലഭ്യമാക്കുന്നതിന് പ്രദേശവാസി ഒരുക്കമാണെന്നറിയിച്ച സാഹചര്യത്തിൽ ഇവിടെ ക്ഷീര സഹകരണ സംഘം അനുവദിച്ച് ജനങ്ങളുടെ ബുദ്ധിമുട്ടുകൾക്ക് പരിഹാരം കാണുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം നല്കുമോ? | (സി) | അഞ്ചൽ ഗ്രാമപഞ്ചായത്തിലെ ആർച്ചൽ, നെടിയറ വാർഡുകൾ പൂർണ്ണമായും അരിപ്പാച്ചി വാർഡ് ഭാഗികമായും വരുന്ന പ്രദേശത്ത് മാവിള കേന്ദ്രമാക്കി ക്ഷീര സംഘം സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>പുതുതായി സംഘങ്ങൾ രൂപീകരിക്കുന്നതിനുള്ള തുക വാർഷിക പദ്ധതിയിൽ വകയിരുത്തിയിട്ടി ല്ലാത്തതിനാൽ തുടർ നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല. അടുത്ത സാമ്പത്തിക വർഷം തുക ലഭ്യമാകുന്ന മുറയ്ക്ക് സംഘം രൂപീകരിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ